# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2541** **21.06.2012 ൽ മറുപടിക്ക്**

**പത്താം ക്ലാസ്സ് കോഴ്സ് ജനകീയവൽക്കരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ. പാലോട് രവി | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാവരെയും പത്താം ക്ലാസ്സ് വിദ്യാഭ്യാസമുള്ള വരാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കുമോ; | (എ) | 10 ാം ക്ലാസ്സിൽ പഠനം പൂർത്തിയാക്കുവാൻ കഴിയാത്തവർക്കായി സാക്ഷരതാമിഷൻ മുഖാന്തിരം 'എ' ലെവൽ പരീക്ഷ എല്ലാ വർഷവും നടത്തുന്നു. ഇതിനായി പ്രത്യേക ക്ലാസ്സുകൾ തന്നെ നടത്തുന്നു. സംസ്ഥാന സാക്ഷരതാമിഷൻ നടത്തുന്ന തുല്യതാ പരിപാടിയിലൂടെ പത്താംക്ലാസ്സ് പാസാകാൻ താൽപര്യമുള്ള മുഴുവൻ ആളുകളെയും പഠിപ്പിക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തുടർ വികസന വിദ്യാ കേന്ദ്രങ്ങൾ, സാമൂഹിക സാംസ്കാരിക സന്നദ്ധ സംഘടനകൾ, വാർഡ്സമിതികൾ എന്നിവരുടെ നേതൃത്വത്തിൽ 10 -ാം ക്ലാസ്സ് പാസാകാത്ത പഠിതാക്കളെ കണ്ടെത്തുന്നു. ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയും സൗജന്യമായി പഠിതാക്കൾക്ക് അത്യാവശ്യമായ പഠനോപകരണങ്ങളും ഫീസും കണ്ടെത്തുന്നു. |
| (ബി) | ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; | (ബി) | സാക്ഷരതാ മിഷൻ, പരീക്ഷാഭവൻ. എസ്.സി.ഇ.ആർ.ടി, ഡയറ്റ്, എസ്.ആർ.സി, ജെ.എസ്.എസ്, മഹിളാസമഖ്യ, ത്രിതല പഞ്ചായത്തുകൾ എന്നിവയുടെ സഹകരണത്തോടെ വിദ്യാകേന്ദ്രങ്ങൾ വഴി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

(സി) ഇതിനായി എല്ലാവരെയും പത്താം ക്ലാസ്സ് എഴുതാനും തയ്യാറാക്കുവാനും പത്താം ക്ലാസ്സ് കോഴ്സ് ജനകീയമാക്കാനും നടപടികൾ സ്വീകരിക്കുമോ;

(സി) നിലവിലുള്ള രീതി അനുസരിച്ച് എല്ലാവർക്കും പത്താം ക്ലാസ്സ് തുല്യതാ പരീക്ഷ എഴുതാവുന്നതാണ്. കൂടാതെ ഈ കോഴ്സ് ജനകീയമാക്കുന്നതിന് പ്രചരണ പരിപാടികൾ, സംഘാടക സമിതി രൂപീകരണം, ബോധവൽകരണ പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതാണ്.

(ഡി) ഇതിനുള്ള ഉദ്യമം എന്നു പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(ഡി) അഞ്ചുവർഷത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ